**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 928</u>** **<u>06-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശം സംബന്ധിച്ച്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനമേഖലയോട് ചേർന്ന ജനവാസകേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശത്തിന് സർക്കാർ മതിയായ നഷ്ടപരിഹാരം നൽകാറുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | വന്യജീവി ആക്രമണം മൂലം കൃഷി നാശം സംഭവിക്കുന്ന കർഷകർക്ക് 08.01.2015-ലെ സ.ഉ. ( കെ ) നം. 2/2015/വനം , 05.04.2018-ലെ സ.ഉ. (കൈ) നം. 17/2018/വനം, എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ അറിയിക്കാമോ; | (ബി) | 08.01.2015-ലെ സ.ഉ.( കൈ) നം. 02/2015/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ 27 ഇനം കാർഷികവിളകൾക്ക് നഷ്ടപരിഹാരം നൽകിവരുന്നു. ഇപ്രകാരം നൽകിവരുന്ന നഷ്ടപരിഹാരം, കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും 05.04.2018 തീയതിയിലെ സ.ഉ.(കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നഷ്ടപരിഹാരം വർഷത്തിൽ 4 പ്രാവശ്യം മാത്രമേ അനുവദിക്കാവൂ. |
| (സി) | വടക്കാഞ്ചേരി മണ്ഡലത്തിൽ ഇപ്രകാരം സംഭവിച്ച കൃഷിനാശത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | വടക്കാഞ്ചേരി മണ്ഡലത്തിൽ നേന്ത്രവാഴ, നെല്ല്, റബ്ബർ, മരച്ചീനി തുടങ്ങി വിളകളുടെ കൃഷിനാശം സംഭവിച്ചതിന് ഷ്ടപരിഹാരം ലഭിക്കുന്നതിന് 2021 വർഷത്തിൽ നാളിതുവരെ 1 7 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മണ്ഡലത്തിൽ നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ? | (ഡി) | വടക്കാഞ്ചേരി മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരത്തിനായി ലഭിച്ച 17 അപേക്ഷകളിൽ 9 എണ്ണം അനുവദിക്കുകയും, ആയതിന് 11,039/ - രൂപ നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ